**കണ്ണൂർ സർവ്വകലാശാല**

(സംഗ്രഹം)

കണ്ണൂർ സർവ്വകലാശാല - ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും, എൻഡോസൾഫാൻ ബാധിതരായ വിദ്യാർത്ഥികൾക്കും സർവ്വകലാശാലാ പരീക്ഷകളിൽ ഗ്രേസ് മാർക്ക്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി വിഭാഗം**

Acad.D4/274/2019 തീയതി: 04.03.2021

---

പരാമർശം:-1.09.04.2010 തീയതിയിലെ Acad.D3/5239/2007 നമ്പർ സർവ്വകലാശാലാ ഉത്തരവ്.
2.16.01.2019, 16.05.2019, 01.08.2019 തീയതികളിലെ Acad.D4/218/2018 നമ്പർ സർവ്വകലാശാലാ ഉത്തരവുകൾ.
3.01.11.2016 തീയതിയിലെ Acad.D3/203/2013 നമ്പർ സർവ്വകലാശാലാ ഉത്തരവ്.
4.യു.ജി.സി സെക്രട്ടറിയുടെ 14.01.2019 തീയതിയിലെ F.No.6-2/2013(SCT) നമ്പർ കത്ത്.
5.26.04.2019 തീയതിയിലെ അക്കാദ്.ഡി4/218/2018 നമ്പർ സർവ്വകലാശാലാ ഉത്തരവ്.
6.ഈ കാര്യാലയതിൽ നിന്നുള്ള 10.03.2020, 18.06.2020 (ഓർമ്മക്കത്ത്) തീയതികളിലെ ഇതേ നമ്പർ കത്തുകൾ.
7.ഭിന്നശേഷി വിഭാഗക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ കമ്മീഷണർ ആന്റ് ഗവ: സെക്രട്ടറി (എക്സ്-ഒഫീഷ്യോ) യുടെ 07.08.2020 തീയതിയിലെ 771/എസ്.3/20/എസ്.സി.പി.ഡബ്ല്യൂ.ഡി നമ്പർ കത്ത്.
8.സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ 15.10.2020 തീയതിയിലെ യോഗത്തിന്റെ 2020.424 ഇനം തീരുമാനം.
9.ഭിന്നശേഷി വിഭാഗക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ കമ്മീഷണർ ആന്റ് ഗവ: സെക്രട്ടറി (എക്സ്-ഒഫീഷ്യോ) യുടെ 21.08.2020 തീയതിയിലെ 1005/S2/19/SCPWD നമ്പർ കത്ത്.
10.ഈ കാര്യാലയത്തിൽ നിന്നുള്ള 08.12.2020 തീയതിയിലെ Acad.D4/274/2019(II) നമ്പർ കത്ത്.
11.09.12.2020 തീയതിയിലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.
12.ഈ കാര്യാലയത്തിൽ നിന്നുള്ള 09.12.2020 തീയതിയിലെ ഇതേ നമ്പർ കത്ത്.
13.കണ്ണൂർ, ഗവ. മെഡിക്കൽ കോളേജിലെ Physical Medicine and Rehabilitation വിഭാഗം സീനിയർ റെസിഡന്റ് Dr. Abhishek B യുടെ 11.02.2021 തീയതിയിലെ ഇ-മെയിൽ സന്ദേശം.

**ഉത്തരവ്**

1.പരാമർശം (1) പ്രകാരം, 40 ശതമാനമോ അതിലധികമോ കാഴ്ച്ചക്കുറവ് (blind), കേൾവിക്കുറവ് (deaf), സംസാരശേഷിക്കുറവ് (dumb), മസ്തിഷ്ക രോഗം മൂലമുള്ള പക്ഷാഘാതം (spastic), വായിക്കുവാനും എഴുതുവാനുമുള്ള പ്രയാസം (dyslexic) എന്നിവയിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഓരോ പേപ്പറിനും അവർ നേടിയ മാർക്കിന്റെ 25 ശതമാനം വീതം ഗ്രേസ് മാർക്ക്, ഓരോ പേപ്പറിനും 60 മിനുട്ട് വീതം അധിക സമയം, പകർപ്പെഴുത്തുകാരനെ വയ്ക്കുവാനുള്ള അനുവാദം, രണ്ടാം ഭാഷ പഠിക്കുന്നതിൽ നിന്നും ഒഴിവാക്കൽ എന്നീ ആനുകൂല്യങ്ങൾ നൽകാൻ ഉത്തരവായിട്ടുണ്ട്.

2.പരാമർശം (2) പ്രകാരം, 40 ശതമാനമോ അതിലധികമോ മാനസിക വെല്ലുവിളി (Mentally Challenged) നേരിടുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാ പരീക്ഷകളിൽ പകർപ്പെഴുത്തുകാരനെ വയ്ക്കുവാനുള്ള അനുവാദം, പരീക്ഷ പൂർത്തിയാക്കുന്നതിന് ഒരു മണിക്കൂറിന് 20 മിനുട്ട് നിരക്കിൽ അധിക സമയം, ഓരോ സെമസ്റ്ററിലും എഴുത്ത് പരീക്ഷയ്ക്ക് നേടിയ ആകെ മാർക്കിന്റെ 25 ശതമാനം ഗ്രേസ് മാർക്കായി വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന വിഷയത്തിന് ചേർക്കുന്നതിനുള്ള അനുമതി എന്നീ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്.

3.ബെഞ്ച് മാർക്ക് ആയിട്ടുള്ള വൈകല്യം നേരിടുന്ന വിദ്യാർത്ഥികളുടെ എഴുത്ത് പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശകരേഖകൾ കൈമാറിക്കൊണ്ടുള്ള യു.ജി.സി സെക്രട്ടറിയുടെ പരാമർശം (4) കത്ത് പരിഗണിച്ച ബഹു. വൈസ് ചാൻസലർ, മേൽ ഉത്തരവുകളിൽ ഉൾപ്പെടാത്ത ഏതാനും വിഭാഗക്കാരെ 2016 ലെ Rights of Persons with

Disabilities Act പ്രകാരം ബെഞ്ച് മാർക്ക് ഡിസബിലിറ്റിയിൽ (അനുബന്ധം-I) പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, ഭിന്നശേഷി വിഭാഗത്തിപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് നിലവിൽ പരിഗണനാർഹമായ വിഭാഗങ്ങളിൽ പുതുതായി കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്ന വിഷയം പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം, കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

4.മേൽ പരാമർശിച്ച കമ്മിറ്റി അംഗങ്ങളും, വിഷയ വിദഗ്ധരായ കണ്ണൂർ, ഗവ: മെഡിക്കൽ കോളേജ്, കണ്ണൂർ, ജില്ലാ ആശുപത്രി ചീഫ് മെഡിക്കൽ സൂപ്രണ്ടുമാർ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ വൈസ് പ്രസിഡന്റ് Dr. Habeeb C (Assistant Professor, Department of English, Farook College, Farook) എന്നിവരും കൂടി 28.02.2020 തീയതിയിൽ ചേർന്ന യോഗത്തിന്റെ താഴെ പറയും പ്രകാരമുള്ള ശുപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

i.കേന്ദ്ര സർക്കാരിന്റെ പട്ടികയിൽ (അനുബന്ധം - I) ഉൾപ്പെടുന്ന 21 വിഭാഗങ്ങളിൽ, സർവ്വകലാശാലാ പരീക്ഷ എഴുതുന്നതിന് ബുദ്ധിമുട്ടുള്ള (Intellectual and writing disability) വിഭാഗങ്ങളെ കൂടുതലായി ഉൾപ്പെടുത്തേണ്ടതാണ്.
ii.നിലവിൽ സർവ്വകലാശാലാ പരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിച്ച് വരുന്ന ആറ് വിഭാഗങ്ങൾക്ക് പുറമെയുള്ള വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഗ്രേസ് മാർക്ക് ആനുകൂല്യം ലഭിക്കുന്നതിലേക്ക്, സർവ്വകലാശാല തയ്യാറാക്കുന്ന നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
iii.താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളുടേയും, ഗവ: മെഡിക്കൽ കോളേജുകളുടേയും അംഗീകൃത ബോർഡുകൾ അനുവദിക്കുന്ന, പരീക്ഷ എഴുതുവാൻ പ്രയാസമുള്ള വിധം 40 ശതമാനമോ അതിലധികമോ അംഗപരിമിതിയുള്ള മേൽ പട്ടികയിൽ (അനുബന്ധം - I) ഉൾപ്പെട്ട വിഭാഗങ്ങൾക്ക് മാത്രം ഗ്രേസ് മാർക്ക് അനുവദിക്കുക.
iv.എൻഡോസൾഫാൻ ബാധിതരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന വിഷയത്തിൽ സ്റ്റേറ്റ് ഡിസബിലിറ്റി കമ്മീഷണറുടെ അഭിപ്രായം തേടേണ്ടതാണ്.
v.സോഷ്യൽ വെൽഫെയർ ആവശ്യങ്ങൾക്കും, ഐഡന്റിറ്റി കാർഡ് ആവശ്യങ്ങൾക്കും അനുവദിക്കുന്ന ഡിസബിലിറ്റി സർട്ടിഫിക്കറ്റുകൾ ഗ്രേസ് മാർക്ക് ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ല.

5.പരാമർശം (6) പ്രകാരം, സർവ്വകലാശാല അഭിപ്രായം തേടിയതിന്റെ അടിസ്ഥാനത്തിൽ, ഭിന്നശേഷി വിഭാഗക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ കമ്മീഷണർ ആന്റ് ഗവ: സെക്രട്ടറി (എക്സ്-ഒഫീഷ്യോ) പരാമർശം (7) പ്രകാരം, എൻഡോസൾഫാൻ ബാധിതരായ വിദ്യാർത്ഥികൾക്കും, ഒരു സർക്കാർ അംഗീകൃത ഡിസബിലിറ്റി ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയാണെങ്കിൽ 40% മോ അതിൽ കൂടുതലോ ഡിസബിലിറ്റി ഉണ്ടെങ്കിൽ ഭിന്നശേഷി കാറ്റഗറി അനുസരിച്ച് ആവശ്യം വരുന്ന Assistive സഹായങ്ങൾ, ഗ്രേസ് മാർക്ക് ഉൾപ്പെടെ നൽകേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.

6.സർവ്വകലാശാല നിലവിൽ ഗ്രേസ് മാർക്ക് അനുവദിച്ചു വരുന്ന ഭിന്നശേഷി വിഭാഗങ്ങളിൽ പുതുതായി കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്ന വിഷയം പഠിക്കുന്നതിലേക്ക് രൂപീകരിച്ച സർവ്വകലാശാല സമിതിയുടെ ശുപാർശകളും, സ്റ്റേറ്റ് ഡിസബിലിറ്റി കമ്മീഷണറിൽ നിന്നും ലഭിച്ച മേൽ പ്രതിപാദിച്ച അഭിപ്രായവും സർവ്വകലാശാലാ സിൻഡിക്കേറ്റ് പരാമർശം (8) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, മേൽ വിഭാഗക്കാർക്ക് ഗ്രേസ് മാർക്ക് അനുവദിക്കേണ്ടുന്ന രീതി, എൻഡോസൾഫാൻ ബാധിതരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് പുറമെ അനുവദിക്കേണ്ടുന്ന assistive, മേൽ വിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് പുറപ്പെടുവിക്കുന്ന സർവ്വകലാശാലാ ഉത്തരവിന്റെ പ്രാബല്യ തീയതി എന്നിവ നിശ്ചയിക്കുന്നതിനും, ഗ്രേസ് മാർക്ക് ആവശ്യത്തിലേക്ക് വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടുന്ന മെഡിക്കൽ സർട്ടിക്കറ്റിന്റെ കരട് രൂപീകരിക്കുന്നതിനും ആയി സിൻഡിക്കേറ്റിന്റെ സ്ഥിരം സമിതി (പരീക്ഷ), (വിദ്യാർത്ഥി ക്ഷേമം) കളേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

7.സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന്റെ സ്ഥിരം സമിതി (പരീക്ഷ) (വിദ്യാർത്ഥി ക്ഷേമം) 11.11.2020 തീയതിയിലെ യോഗത്തിൽ മേൽ വിഷയത്തോടൊപ്പം Right of Persons with Disabilities Act 2016 ഉം ആയി ബന്ധപ്പെട്ട് സർവ്വകലാശാലാ തലത്തിൽ നടപ്പിൽ വരുത്തേണ്ടുന്ന നിർദ്ദേശങ്ങൾ കൈമാറി കൊണ്ടുള്ള ഭിന്നശേഷി വിഭാഗക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ കമ്മീഷണർ ആന്റ് ഗവ: സെക്രട്ടറി (എക്സ്-ഒഫീഷ്യോ) യുടെ പരാമർശം (9) കത്തും പരിഗണിച്ചിട്ടുണ്ട്.സമിതി യോഗത്തിന്റെ ശുപാർശകൾ ബഹു. വൈസ്.ചാൻസലർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

8.സംസ്ഥാന കമ്മീഷണറേറ്റിന്റെ കമ്മീഷണർ ആന്റ് ഗവ: സെക്രട്ടറി (എക്സ്-ഒഫീഷ്യോ) യെ പരാമർശം (10) പ്രകാരം, സർവ്വകലാശാല നിലവിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന രീതി സംബന്ധിച്ച വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

9.പരാമർശം (11) പ്രകാരം, ബന്ധപ്പെട്ട വിഷയങ്ങളുടെ പഠന ബോർഡ് അദ്ധ്യക്ഷന്മാർ, Dr. Abhishek B (SR PMR, ഗവ. മെഡിക്കൽ കോളേജ്, പരിയാരം), Dr. Habeeb C (വൈസ് പ്രസിഡന്റ്, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് & അസിസ്റ്റന്റ് പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം, ഫറൂക് കോളേജ്, ഫറൂക്), രജിസ്ട്രാർ കണ്ണൂർ സർവ്വകലാശാല, Dr. M. Venugopalan Nambiar (അസിസ്റ്റന്റ് പ്രൊഫസർ, സുവോളജി വിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്, ധർമടം) എന്നിവർ അംഗങ്ങളായി ഒരു വിദഗ്ധ സമിതി (Course Suitability Selection Committee) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

10.ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഗ്രേസ് മാർക്കിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കരട്, സർവ്വകലാശാലയിൽ പഠന ബോർഡ് നിലവിൽ ഇല്ലാത്തതിനാൽ ബോർഡ് അദ്ധ്യക്ഷന്മാർ ഒഴികെയുള്ള Expert Committee അംഗങ്ങൾക്ക് പരാമർശം (12) പ്രകാരം കൈമാറിയിരുന്നു.

11.വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത്, സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ സ്ഥിരം സമിതികൾ (പരീക്ഷ) (വിദ്യാർത്ഥി ക്ഷേമം) തയ്യാറാക്കി സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കരട് Dr. Abhishek B യുടെ പരാമർശം (13) ലെ ഭേദഗതി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

12.മേൽ വിവരങ്ങൾ വിശദമായി പരിശോധിച്ച ബഹു. വൈസ് ചാൻസലർ, കണ്ണൂർ സർവ്വകലാശാലാ ആക്ട് 1996 ന്റെ ചാപ്റ്റർ III, സെക്ഷൻ 11(1) പ്രകാരം അക്കാദമിക കൗൺസിലിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് താഴെ പറയും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, വിവരം അക്കാദമിക കൗൺസിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്.

i.Grace mark will be sanctioned to candidates belonging to the 21 categories listed by the Central Govt. in APPENDIX-I, who have difficulties in writing the University Examinations due to intellectual and writing disability. Such candidates who have 40% or more disability, which hampers their capability to write the University Examinations owing to their disability, as certified by recognised Medical Board of Taluk, General, District Hospitals or Govt. Medical College are only considered.

ii.For candidates who are endosulfan victims, having intellectual and writing disability, benefits/concession like permission to use an amanuensis, compensatory time (additional time) @ 20 minutes per hour to complete the Examination (including practical), exemption from studying additional/second language will be sanctioned in addition to grace mark according to their disability category on production of Medical Certificate issued by a disability board recognised by the Govt. to the effect that they have 40% and above disability.

iii.For availing grace mark, the candidates who are endosulfan victims and categories of candidates listed in the 21 categories other than blind, deaf, dumb, spastic, dyslexic, mentally challenged shall submit certificate in the prescribed format prepared by the University (APPENDIX-II), to the effect that the person concerned has difficulties in writing the University Examinations due to intellectual and writing disability owing to their disability with the recommendation of the Medical Board of Taluk, General, District Hospitals or Govt. Medical College.

iv.Medical certificate issued on social welfare measures and for Identity card purpose will not be considered for the award of grace mark.

v.This order shall be in force with effect from 2018 admission in the case of UG Programmes and from 2019 admission in the case of PG and Professional Programmes.

vi.The benefits will be given to the students of the Colleges affiliated to this University, University

Teaching Departments of this University and the School of Distance Education of this University.

vii.This order is general in nature and individual application shall be filed by the candidate with relevant documents and recommendations.

viii.For the categories of students belonging to the 21 categories listed by the Central Govt.; to whom the University is already sanctioning grace marks the same will be sanctioned following the existing rate and mode till 2019 admission. For the rest belonging to the 21 categories listed by the Central Govt. and endosulfan victims, grace marks will be sanctioned @ 25% of the total marks secured in all subjects including theory/practical/viva voce in an examination. The grace mark is to be awarded for regular/supplementary/improvement appearances. In case of semester system, 25% of the total marks secured for the semester is to be considered. The grace mark thus obtained shall be distributed among theory/practical/viva voce as required by the student concerned.

ix.From 2020 admission the mode of grace mark will be unified for all categories and will be sanctioned @ 25% of the total marks secured in all subjects including theory/practical/viva voce in an examination. In case of semester system, 25% of the total marks secured for the semester is to be considered. The grace mark thus obtained shall be distributed among theory/practical/viva voce as required by the student concerned.

x.For candidates of 2016, 2017 admission of UG Programmes and 2017, 2018 admission of PG and Professional Programmes belonging to the 21 categories listed by the Central Govt., and endosulfan victims who have difficulties in writing the University Examinations due to intellectual and writing disability, grace marks will be awarded at the rates mentioned above (existing mode and rate) for the End Semester Examinations started after the date of the Office Memorandum dated 29.8.2018 issued by the Ministry of Social Justice & Empowerment, Govt. Of India (F. No.34-02/2015-DD-III dated 29.08.2018), which contains Guidelines for conducting written examination for persons with benchmark disabilities 2018, provided the results already finalised and Degree Original Certificates issued need not be reopened.

xi.'Compensatory time' (additional time) is allowed as per the Central Govt. guidelines (Office Memorandum No.34-02/2015-DD-III dated 29.08.2018 issued by the Ministry of Social Justice & Empowerment) is not less than 20 minutes per hour applicable for both theory and practical Examinations.

xii.The facility of Scribe/Interpreter/Reader/Lab Assistant has to be provided as per the request of the Persons with Disability students as advised by competent authority (APPENDIX-III).

xiii.The qualification of the Scribe is to be one step below the specified examination.

xiv.The Controller of Examinations can take decision of assistance according to the need of the student on case to case basis in areas which are not described.

xv.The application form and answer sheet should be marked with special code to identify the Persons with Disability candidates.

xvi. The provisions contained in the university orders read (1), (2) & (3) above shall remain in force unless specified otherwise in this order.

13.ഭിന്നശേഷി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് Compensatory time, Scribe/Interpreter/Reader/Lab Assistant എന്നിവ അനുവദിക്കുന്ന വിഷയത്തിൽ നിലവിലുള്ള നിയമങ്ങൾ പരിഗണിച്ച് വിദ്യാർത്ഥികളുടെ അപേക്ഷയിന്മേൽ പരീക്ഷാ വിഭാഗം തീർപ്പ് കൽപ്പിക്കേണ്ടതാണ്.

14.തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**ബാലചന്ദ്രൻ വി കെ**
**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)**
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:പ്രിൻസിപ്പാൾ, എല്ലാ അഫിലിയേറ്റഡ് കോളേജുകൾ.
വകുപ്പ് മേധാവികൾ, സർവ്വകലാശാലയുടെ പഠന വകുപ്പുകൾ.
ഡയറക്ടർ, വിദൂര വിദ്യാഭ്യാസം.

പകർപ്പ്: വി.സി യുടെ പി.എസ്
പി.വി.സി, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
പരീക്ഷാ വിഭാഗം
ഡി.ആർ, എ.ആർ (പരീക്ഷ)
ഡി.ആർ, എ.ആർ (അക്കാദമിക്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**APPENDIX-I to U.O no. Acad.D4/274/2019 dated 04.03.2021.**

1. Blindness
2. Low-vision
3. Leprosy Cured persons
4. Hearing Impairment (deaf and hard of hearing)
5. Locomotor Disability
6. Dwarfism
7. Intellectual Disability
8. Mental Illness
9. Autism Spectrum Disorder
10. Cerebral Palsy
11. Muscular Dystrophy
12. Chronic Neurological conditions
13. Specific Learning Disabilities
14. Multiple Sclerosis
15. Speech and Language disability
16. Thalassemia
17. Haemophilia
18. Sickle Cell disease
19. Multiple Disabilities including deaf-blindness
20. Acid attack victims
21. Parkinson's disease

**APPENDIX-II to U.O no. Acad.D4/274/2019 dated 04.03.2021.**

| CERTIFICATE<br><br>No. Date: | Photo |
|---|---|

This is to certify that we the members of the Medical Board at Taluk Hospital/General Hospital/ District Hospital/Govt. Medical College ........................................... have carefully examined Sri/Smt ............................................................................................................... (address) of ............................................................................................. (College), AADHAAR no. ...................................................... whose photograph is affixed above, and found that he/she has ............................................................................................. disability. His/her over all physical impairment/mental disability is ................. percent (in figures)................................................... percentage (in words).

It is also certified that he/she comes under the 21 categories listed by the Central Govt./an endosulfan victim and has difficulties in writing the University Examinations due to intellectual and writing disability owing to the disability.

Identification marks of the applicant: 1.

2.

Signature and seal of the Medical Authority

| Signature of the Member | Name, Registration Number & Designation Seal of the Member |
|---|---|
| | |
| | |
| | |
| | |
| | |

| |
|---|
| |

Signature/thumb impression of the person
in whose favour this certificate is issued.

APPENDIX-III to U.O no. Acad.D4/274/2019 dated 04.03.2021.

Certificate regarding physical limitation in an examinee to write.

This is to certify that, I have examined Mr/Ms/Mrs ........................................................................................ (name of the candidate with disability), a person with ................................................................ (nature and percentage of disability as mentioned in the certificate of disability), S/o D/o ........................................................ a resident of ........................................................................................ (Village/District/State) and to state that he/she has physical limitation which hampers his/her writing capabilities owing to his/her disability.

Signature

Chief Medical Officer/Civil Surgeon/Medical Superintendent of a
Government health care institution

Name & Designation
Name of Government Hospital/Health Care Centre with seal

Place:
Date:

Note:
Certificate should be given by a specialist of the relevant stream/disability.
(eg. Visual impairment – Ophthamologist, Locomotor disability – Orthopaedic specialist/PMR).